LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ പാർക്കുകൾ

156 (4738) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര വ്യവസായ പാർക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ട് ;

(ബി) ഇവ ഏതൊക്കെയെന്നും എവിടെയൊക്കെയെന്നും വ്യക്തമാക്കുമോ ;

(സി) ഇവയുടെ പ്രവർത്തനം ഏതു ഘട്ടം വരെയാണ് വിവരിക്കുമോ ;

(ഡി) കോട്ടയം ജില്ലയിൽ എവിടെയെങ്കിലും പുതിയതായി വ്യവസായ പാർക്ക് സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിൻഫ്രയ്ക്ക് മൂന്ന് വ്യവസായ പാർക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവ 1. മെഗാ ഫുഡ് പാർക്ക്, പാലക്കാട്, 2. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കൊച്ചി, 3. വ്യവസായ പാർക്ക്, മട്ടന്നൂർ, കണ്ണൂർ ഇവയുടെ പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്.

കൂടാതെ തൃശ്ശൂരിലെ വരവൂരിൽ ഒരു വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ഡി) കോട്ടയം ജില്ലയിലെ ഇലം വില്ലേജിൽ ഒരു വ്യവസായ വികസന പ്ലോട്ട് തുടങ്ങുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

ഡിഫൻസ് പാർക്ക്

157 (4739) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ ഡിഫൻസ് പാർക്ക് ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം പുതിയ സംരംഭങ്ങളാണ് ഡിഫൻസ് പാർക്കിൽ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കാവശ്യമായ ധന സമാഹരണം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ?